K22U 3483

Reg. No. : ..............................

Name : ..................................

**I Semester B.Com./B.B.A./B.B.A. (T.T.M.)/B.B.A. (RTM)/B.T.T.M./B.B.A. (AH) Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2022**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-1MAL : സാഹിത്യ രൂപങ്ങൾ**

Time : 3 Hours Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2 എണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കുട്ടിക്കാലത്തിന്റെ ഓർമകളും വർത്തമാനകാലസ്വപ്നങ്ങളും ചേർത്ത് ഇഴ നെയ്തതാണ് 'കടൽക്കാക്കകളു'ടെ ആഖ്യാനതലം. വിശദീകരിക്കുക.

2) ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിൽ പടർന്ന ജീർണതയുടെ ചിത്രങ്ങൾ 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിത പ്രതിഫലിപ്പിക്കുന്നത് എങ്ങനെ ? വിശദീകരിക്കുക.

3) മഹത്വവൽക്കരിക്കപ്പെട്ട മാതൃത്വസങ്കല്പങ്ങളെ പൊളിച്ചെഴുതുകയാണ് 'ലേബർ റൂം' എന്ന നാടകം. വിശകലനം ചെയ്യുക.

4) 'ആയുസ്സിന്റെ പുസ്തക' ത്തിലെ പ്രധാനകഥാപാത്രങ്ങളെല്ലാം തന്നെ ഏകാന്തത, അരക്ഷിതത്വം, പാപബോധം എന്നിവ അനുഭവിക്കുന്നവരാണ്. – വിലയിരുത്തുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) കാലപരിണതിയിൽ കഴുകൻമലയ്ക്ക് സംഭവിച്ച മാറ്റങ്ങൾ കവി അടയാളപ്പെടുത്തുന്നതെങ്ങനെ ?

6) 'തൊട്ടാൽ വാടരുത് ' എന്ന കവിത മുന്നോട്ടുവെക്കുന്ന ജീവിത പാഠങ്ങൾ എന്തൊക്കെ ?

7) ലേബർ റൂമിൽ പ്രവേശിപ്പിച്ച രണ്ടാമത്തെ സ്ത്രീയുടെയും മൂന്നാമത്തെ സ്ത്രീയുടെയും ജീവിതാവസ്ഥകൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുക.

P.T.O.

8) വാസന്തി എന്ന കഥാപാത്രത്തിന്റെ ജീവിത സാഹചര്യങ്ങൾ വ്യക്തമാക്കുക.

9) യോഹന്നാൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

10) മലയാള ചലച്ചിത്രഗാനശാഖയുടെ വളർച്ചയെ ലേഖിക അടയാളപ്പെടുത്തുന്നതെങ്ങനെ ? **(4×3=12)**

III. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'പുഴമണലിൽ വായിച്ചു
കാലങ്ങളന്നു നാം' – ആശയം വിശദമാക്കുക.

12) 'ജനിച്ചുവീഴുന്ന ഒരു കുഞ്ഞിന്റെ ആദ്യത്തെ ശബ്ദം. അതുപോലൊരു സംഗീതം വേറെയില്യ'. – സൂചിതം വ്യക്തമാക്കുക.

13) പൗലോ എന്ന കഥാപാത്രം അനുഭവിക്കുന്ന ആത്മസംഘർഷങ്ങൾ വ്യക്തമാക്കുക.

14) 'വിഷമിക്കരുത്. ദൈവം സാറയുടേത് കൂടിയാണ്.' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

15) ഏകാകികളോടും പോരാളികളോടും ഒരേസമയം ഐക്യപ്പെടുന്നതാണ് ബാലചന്ദ്രന്റെ കവിത എന്ന് പറയാൻ കാരണമെന്ത് ?

16) 'മകനേ, ഹാ ദയ തോന്നും, നിൻ ചെറു –
മുഖമതിനാലേ കുതിർക്കട്ടെ' – ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക. **(4×2=8)**

IV. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ആറ്റൂർ രവിവർമ്മ.

18) ആയുസ്സിന്റെ പുസ്തകം.

19) കെ. ജി. ജോർജ്.

20) അറബിക്കഥകളിലെ വിപ്ലവഗാനം ജനമനസ്സുകളെ കീഴടക്കിയതെങ്ങനെ ?

21) 'നിത്യരാത്രി' എന്ന കവിതയുടെ സവിശേഷതയെന്ത് ?

22) 'അന്യഗ്രഹത്തിൽ നിന്നുള്ള ഗർഭിണിക്ക് ഭൂമിയിൽ നിന്നുള്ള സ്നേഹോപഹാരമല്ലേ. കഴിച്ചോളൂ.' – സൂചിതമെന്ത് ? **(4×1½=6)**

KANNUR UNIVERSITY